# ദൈവത്തിന്റെ വഴിയിൽനിന്ന് വ്യതിചലിക്കരുത്

സന്തോഷ് കരുമത്ര

**‘ശരിയെന്നു തോന്നുന്ന വഴി ചിലപ്പോൾ മരണത്തിലേയ്ക്കു നയിക്കുന്നതാകാം’ (സുഭാ. 14:12)**

**‘യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുത്തേക്കു വരുന്നില്ല’ (യോഹ.14:6).** ദൈവജനത്തിന് ജീവിച്ചു മുന്നേറാൻ കർത്താവായ യേശു എന്ന ഒരേയൊരു വഴിയേയുള്ളൂ. അമിതമായ ആഗ്രഹ ങ്ങളും സ്വാർഥ ലക്ഷ്യങ്ങളും മൂലം നമ്മുടേതായ വഴികളിലൂടെ മുന്നോട്ടു പോകുമ്പോ ഴാണ് ജീവിതത്തിൽ തകർച്ചകളും പരാജയങ്ങളും സംഭവിക്കുന്നത്.ശരിയായ പാതയിൽ നടക്കാതെ സ്വന്തം താൽപര്യങ്ങൾക്ക് അനുസരിച്ച് വഴി തിരഞ്ഞെടുത്തതാണ് ഇന്ന് പലരുടേയും കണ്ണുനീരിന് കാരണം. ദാവീദിന്റെ സങ്കീർത്തനമാണ് ഇതിന് ഉത്തരം. **‘കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.’(സങ്കീ. 128:1)** ദൈവത്തിന്റെ വഴിയിൽ ദൈവത്തോടുകൂടി നടക്കുന്നതാണ് ക്രിസ്തീയ ജീവിതം.

## അംനോന്റെ ജഡികാസക്തി

**‘ദാവീദിന്റെ മകൻ അബ്സലോമിന് സുന്ദരിയായ ഒരു സഹോദരിയുണ്ടായിരുന്നു. താമാർ എന്നായിരുന്നു അവളുടെ പേര്. ദാവീദിന്റെ മറ്റൊരു മകനായ അമ്നോൻ അവളെ കാംക്ഷിച്ചു. കന്യകയായ അവളെ സമീപിക്കുക അസാധ്യമെന്നു കരുതിയ അമ്നോൻ അവളെ പ്രതി രോഗാതുരനായി തീർന്നു’. (2 സാമു. 13:1)** ഇത്തരത്തിൽ സ്വന്തം ജഡികാസക്തികളെ തൃപ്തിപ്പെടുത്താൻ വേണ്ടി സഹോദരിമാരെ നശിപ്പിക്കുന്ന എത്രയെത്ര സഹോദരന്മാർ നമ്മുടെ ഇടയിലുണ്ട്.

**‘അമ്നോന് യോനാദാബ് എന്നൊരു സ്നേഹിതനുണ്ടായിരുന്നു. ദാവീദിന്റെ സഹോദരൻ ഷിമെയായുടെ മകനായ അവൻ വലിയ സൂത്രശാലിയായിരുന്നു. അവൻ അമ്നോനോട് ചോദിച്ചു: അല്ലയോ രാജകുമാരാ, നീ ഓരോ ദിവസവും ദു:ഖാർത്തനായി കാണപ്പെടുന്നതെന്ത്? എന്റെ സഹോദരൻ അബ്സലോമിന്റെ സഹോദരി താമാറിനെ ഞാൻ സ്നേഹിക്കുന്നു. അമ്നോൻ മറുപടി പറഞ്ഞു. (2 സാമു. 13:3)** യഥാർഥ സുഹൃ ത്തായിരുന്നെങ്കിൽ ഇതു കേട്ടപ്പോൾ യോനാദാബ് അമ്നോനെ വിലക്കുമായിരുന്നു. എന്നാൽ അതല്ല സംഭവിച്ചത്. കൂടുതൽ അശുദ്ധിയിലേയ്ക്കു നയിക്കാനുള്ള ഉപദേശ മാണ് യോനാദാബ് നൽകുന്നത്.

ചിലരുടെ തെറ്റായ ഉപദേശങ്ങളാണ് പല വ്യക്തികളെയും കുടുംബങ്ങളെയും തകർത്തു കളയുന്നത്. ബന്ധങ്ങൾ തിരഞ്ഞെടുക്കുമ്പോൾ നമുക്ക് സൂക്ഷ്മമായ ശ്രദ്ധ വേണം. വഴിവിട്ട ബന്ധങ്ങളാണ് ഇന്ന് ഭൂരിഭാഗം പേരെയും വഴിതെറ്റിക്കുന്നത്. ഇന്നത്തെ തലമുറ സൗഹൃദത്തിന്റെ പേരിൽ എന്തും ചെയ്യാമെന്ന ധാരണയിൽ അധ:പതിച്ചിരിക്കുക യാണ്. അമ്നോന്റെ ജീവിതത്തിലെ പരാജയത്തിനു പ്രധാന കാരണം യോനാദാബുമാ യുള്ള അവന്റെ ബന്ധമായിരുന്നു. യോനാദാബ് നൽകിയത് തെറ്റായ ഉപദേശങ്ങളായിരു ന്നു. എത്ര വേണ്ടപ്പെട്ടവരാണെങ്കിലും നമുക്ക് ലഭിക്കുന്ന ഉപദേശങ്ങൾ ശ്രദ്ധിക്കണം. ഉപദേശങ്ങൾ എന്നെ പാപത്തിലേയ്ക്കോ അശുദ്ധിയിലേയ്ക്കോ നയിച്ച് ക്രിസ്തുവുമാ യുള്ള ബന്ധത്തിൽനിന്ന് അകറ്റുന്നതാണെങ്കിൽ അവയ്ക്കു നേരെ ‘അരുത്’ എന്നു പറ യാനുള്ള തന്റേടം ഉണ്ടാകണം.

യോനാദാബിന്റെ ഉപദേശം എന്തായിരുന്നു? **'യോനാദാബ് ഉപദേശിച്ചു: രോഗം നടിച്ചു കിടക്കുക. നിന്റെ പിതാവ് നിന്നെ കാണാൻ വരുമ്പോൾ, എന്റെ സഹോദരി താമാർ വന്ന് എനിക്കു ഭക്ഷണം തരട്ടെ. അവന്റെ കയ്യിൽ നിന്ന് ഞാൻ വാങ്ങി ഭക്ഷിക്കേണ്ടതിന് ഞാൻ കാൺകെ അവൾതന്നെ ഭക്ഷണമൊരുക്കട്ടെയെന്ന് അവനോടു പറയുക. (2 സാമു. 13:5)** ദാവീദ് വന്നപ്പോൾ മകന്റെ ആവശ്യംകേട്ട് താമാറിനെ അമ്നോറിന്റെ അടുത്തേയ്ക്ക് അയച്ചു. താമാർ എത്തിയപ്പോൾ അമ്നോർ കിടക്കുകയായിരുന്നു. അപ്പം തയാറായപ്പോൾ അവൾ അമ്നോറിനെ വിളിച്ചു. എന്നാൽ ഭക്ഷണം തന്റെ കിടപ്പുമുറിയിലേയ്ക്ക് കൊണ്ടുവരാൻ ആവശ്യപ്പെടുകയാണ് അവൻ ചെയ്തത്. തന്റെ സഹോദരനെ ഒട്ടും സംശയിക്കാതെ അവൾ അനുസരിക്കുന്നു. അവൾ മുറിയിലെത്തിക്കഴിഞ്ഞപ്പോൾ ജഡമോഹത്താൽ അന്ധനായ അമ്നോൻ തന്റെ സഹോദരിയുടെ ജീവിതം നശിപ്പിക്കുന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് താമാർ അവനോടു കേണപേക്ഷിച്ചെങ്കിലും സ്വന്തം സഹോദരിയാണെന്ന തിരിച്ചറിവു പോലും അവനു നഷ്ടപ്പെട്ടിരുന്നു.

പ്രിയപ്പെട്ടവരേ, എത്രയെത്ര വ്യക്തികളാണ് കുടുംബങ്ങളിലും സമൂഹത്തിലും ഇന്ന് ഇതുപോലെ നശിച്ചുകൊണ്ടിരിക്കുന്നത്. സ്വന്തം മകളെ മകളായി കാണാൻ കഴിയാത്ത പിതാക്കന്മാരും സഹോദരിയെ സഹോദരിയായി കാണാൻ കഴിയാത്ത സഹോദരന്മാരും ഇന്ന് വർധിച്ചു വരുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ബന്ധങ്ങളിൽ പിശാച് വിതയ്ക്കുന്ന കളകളാണ് ഇത്തരം അശുദ്ധികൾ. ശരിയെന്നു തോന്നുന്ന വഴി ചിലപ്പോൾ മരണത്തിലേയ്ക്കു നയിക്കുന്നതാകാമെന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു.

### അമ്നോന് എന്താണ് സംഭവിച്ചത്?

**'നടന്നതെല്ലാം ദാവീദിന്റെ മറ്റൊരു മകനായ അഫ്സലോം അറിഞ്ഞു. അവന്റെ ഹൃദയം പ്രതികാരംകൊണ്ട് നിറഞ്ഞു.' (2 സാമു. 13: 23)** രണ്ടു വർഷം കഴിഞ്ഞ് അബ്സലോമിന് എഫ്രായിം പട്ടണത്തിനടുത്തു ബൽഹസോറിൽ വച്ച് ആടുകളുടെ രോമം കത്രിക്കുന്ന ഉൽസവം ഉണ്ടായിരുന്നു. രാജകുമാരന്മാരെയെല്ലാം അവൻ ക്ഷണിച്ചു. വിരുന്നിനെത്തിയ അമ്നോനെ അബ്സലോമും കൂട്ടാളികളും ചേർന്ന് മൂക്കറ്റം കുടിപ്പിച്ചു. ബോധം നഷ്ടപ്പെട്ട് ഉറങ്ങിയ അമ്നോനെ അബ്സലോമും കൂട്ടാളികളും ചേർന്ന് വെട്ടിക്കൊലപ്പെടുത്തി.

ദൈവ വചനം പഠിപ്പിച്ചതുപോലെ അമ്നോന് ശരിയെന്നു തോന്നിയ വഴി അവനെ മരണത്തിലേയ്ക്ക് നയിച്ചു.പരിശുദ്ധാത്മാവ് വചനത്തിലൂടെ നൽകുന്ന ഈ മുന്നറിയിപ്പ് നമ്മൾ ഹൃദയത്തിൽ സംഗ്രഹിക്കണം. ബന്ധങ്ങളിലുള്ള പരിശുദ്ധി നാം കാത്തു സൂക്ഷിക്കണം. അമ്നോനു സംഭവിച്ചത് നമ്മുടെ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ദമ്പതികൾക്കും സംഭവിക്കാതിരിക്കാൻ ദൈവ വചനത്തോടു മുഖംതിരിച്ചു നിൽക്കരുത്.

കർത്താവേ വിശുദ്ധിയിൽ ജീവിക്കാനും വിവേകത്തോടെ വളരാനും സ്വർഗത്തിന്റെ ജ്ഞാനത്തിൽ വ്യാപരിക്കാനും ഞങ്ങളെ അഭിഷേകം ചെയ്യേണമേ.